**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള ടൂറിസം'. ആദ്യ ഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയത്. ഇത് പ്രകാരം 120 കേന്ദ്രങ്ങളിലാണ് ഈ പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഭൂമിയുടെ ലഭ്യതകുറവ് പോലെയുള്ള കാരണങ്ങളാൽ വിഭാവനം ചെയ്ത എല്ലാ സ്ഥലങ്ങളിലും പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വന്നതിനാൽ ഈ പദ്ധതി 84 കേന്ദ്രങ്ങളിലായി ചുരുക്കി 6.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 13.02.2021 ൽ നൽകുകയുണ്ടായി. ഇതിൽ ഒന്നാംഘട്ടമായി 69 കേന്ദ്രങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 15 കേന്ദ്രങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന് UNWTO യുടെ Emerging Global Destination-Accessible Destination Award 2019 ടൂറിസം വകുപ്പിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മദ്യ, മയക്കുമരുന്ന് മാഫിയ ഉൾപ്പെടെയുള്ള സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ടൂറിസം പോലീസിനെ നിയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ